# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

## ഗവ.എച്ച്.എസ്.എസ് മുള്ളരിങ്ങാട്

# ആമുഖം

വണ്ണപ്പുറം പഞ്ചായത്തിലെ കിഴക്കേ മേഖലയായ മുള്ളരിങ്ങാട് പ്രദേശത്ത് 1957ൽ ഹരിജൻ വെൽഫെയർ സ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച വിദ്യാലയം 67 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 1968ൽ U.P സ്കൂളായും 1980ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ട ഈ വിദ്യാലയം നാടിന്റെ അഭിമാനമാണ്. 2000ൽ സ്കൂളിൽ പ്ലസ്ടു അനുവദിച്ചു. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ ഹൈടെക് ക്ലാസ്സ് മുറികൾ, ശാസ്ത്രപോഷിണി ലാബ്, അറുപതോളം കുട്ടികൾക്ക് ഒരേ സമയം ഇരുന്ന് വായിക്കാൻ സൗകര്യമുള്ള അതിവിശാലമായ ലൈബ്രറി, നൂതനമായ IT ലാബ്, കൗൺസലിംഗ് റൂം, വിശാലമായ ഓഡിറ്റോറിയം, മിനി ഓഡിറ്റോറിയം, അഡാപ്റ്റഡ് ടോയ്‌ലറ്റ്, PTA സഹായത്തോടെ മികച്ച രീതിയിൽ നടക്കുന്ന പ്രീ-പ്രൈമറി വിഭാഗം ഇവയെല്ലാം സ്കൂളിന്റെ നേട്ടങ്ങളാണ്.

അക്കാദമിക രംഗത്തും വലിയ നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞു. ഇവിടെ പഠിച്ച പല കുട്ടികളും ഉന്നത വിദ്യാഭ്യാസം നേടി ഉയർന്ന പദവികളിൽ ജോലി ചെയ്യുന്നുണ്ട്. 1992-93 കാലഘട്ടം മുതൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ ഡിവിഷൻ ഫാൾ ഉണ്ടാവുകയും പല അധ്യാപകർക്കും സ്കൂളിൽ നിന്ന് പോകേണ്ടി വരികയും ചെയ്തു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ആഭിമുഖ്യം മൂലം തുടർന്നുള്ള വർഷങ്ങളിലും കുട്ടികളുടെ കുറവ് വർധിച്ചു വന്നു. കുട്ടികളുടെ എണ്ണം കുറവാണെങ്കിലും അക്കാദമികമായി മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. NMMS, Inspire Award തുടങ്ങിയ Scholarship കൾ മിക്കവാറും വർഷങ്ങളിൽ കുട്ടികൾക്ക് ലഭിക്കാറുണ്ട്. 2024-25 വർഷത്തിൽ പരീക്ഷ എഴുതിയ മുഴുവൻ കുട്ടികൾ വിജയിക്കുകയും full A+ നേടാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. പ്ലസ്ടു പരീക്ഷയിലും full A+ ലഭിച്ചിട്ടുണ്ട്.

2025-26 അധ്യയന വർഷത്തിൽ L.P വിഭാഗത്തിൽ 26 കുട്ടികളും U.P വിഭാഗത്തിൽ 27 കുട്ടികളും H.S വിഭാഗത്തിൽ 27 കുട്ടികളും H.S.S വിഭാഗത്തിൽ 123 കുട്ടികളും പഠിക്കുന്നു. മറ്റേതൊരു വിദ്യാലയത്തെയും കിടപിടിക്കുന്ന ഭൗതിക സാഹചര്യങ്ങളും അക്കാദമിക നേട്ടങ്ങളുമുള്ള സ്കൂൾ വളരെ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. സ്കൂൾ ഗ്രൗണ്ട് നവീകരിച്ച് ഫുട്ബോൾ, ബാസ്കറ്റ് ബോൾ എന്നിവ കളിക്കാനുള്ള സൗകര്യമൊരുക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ മുള്ളരിങ്ങാട്.

വിലാസം : മുള്ളരിങ്ങാട് (PO) . തൊടുപുഴ ഇടുക്കി ജില്ല.

ഫോൺ : 04862-240010 (H.S) 04862-240020 (H.S.S)

സ്കൂൾ കോഡ് : 29022 (H.S) , 06015 (H.S.S)

വിദ്യാഭ്യാസ ജില്ല : തൊടുപുഴ.

വിദ്യാഭ്യാസ ഉപജില്ല : തൊടുപുഴ

റവന്യൂ ജില്ല : ഇടുക്കി.

B.R.C : കരിമണ്ണൂർ

C.R.C : വണ്ണപ്പുറം

ഗ്രാമപഞ്ചായത്ത് : വണ്ണപ്പുറം

ബ്ലോക്ക് പഞ്ചായത്ത് : ഇളംദേശം.

ജില്ലാ പഞ്ചായത്ത് : ഇടുക്കി

ലോകസഭാ മണ്ഡലം : ഇടുക്കി.

താലൂക്ക് : തൊടുപുഴ.

വില്ലേജ് : വണ്ണപ്പുറം

ഇ-മെയിൽ വിലാസം : 29022@gmail.com (H.S)

## നേട്ടങ്ങൾ

കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ കഴിവുകളുടെ സമഗ്ര വികസനമാണല്ലോ വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമാക്കുന്നത്. കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങൾ കോവിഡ് മഹാമാരി മൂലം ക്ലാസ്സുകൾ നടക്കാതിരുന്നതിനാൽ പല പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതിന്റെ എല്ലാ കുറവുകളും പരിഹരിച്ചുകൊണ്ട് പൂർണ്ണമായും ഭംഗിയായി എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ തീരുമാനിക്കുകയും അതുപോലെ നടത്തിവരികയും ചെയ്യുന്നു.

ഹയർസെക്കണ്ടറി, ഹൈസ്കൂൾ, ഹൈടെക് ക്ലാസ് മുറികൾ ആകർഷകമായ സ്കൂൾ അന്തരീക്ഷം, സുസജ്ജമായ ശാസ്ത്രപോഷിണി, ലാബുകൾ ഉപയോഗപ്പെടുത്തിയുള്ള സയൻസ് ക്ലാസുകൾ, വിശാലമായ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറികൾ ആധുനികവൽക്കരിച്ച കമ്പ്യൂട്ടർ ലാബ്, പഠന അനുഭവവേദ്യമാകുന്ന ജൈവ വൈവിധ്യ ഉദ്യാനം, ഓപ്പൺ ക്ലാസ്സ് മുറി എന്നിവയെല്ലാം സ്കൂളിന്റെ എടുത്തു കാട്ടുന്ന വിജയങ്ങളാണ്.

കലാപരവും കായികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടി ചിത്രരചന, പ്രവൃത്തിപരിചയം എന്നീ വിഷയങ്ങളിൽ പാർട്ട് ടൈം അധ്യാപകരുടെ സേവനം BRC യുടെ സഹായത്തോടെ സജ്ജമാക്കിയിട്ടുണ്ട്. പെൺകുട്ടികളുടെ Self defence നായി കരാട്ടെ ക്ലാസ്സുകളും BRC യുടെ സഹായത്തോടെ എല്ലാ വർഷവും സ്കൂളിൽ നടത്തുന്നുണ്ട്.

ഇംഗ്ലീഷ്, ഹിന്ദി ഭാഷാ വികസനശേഷി ലക്ഷ്യം വച്ചുകൊണ്ട് ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങളും ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ മൂന്ന് ഭാഷകളിലുമുള്ള അസംബ്ലിയും വിജയകരമായി നടത്തി വരുന്നു. പഠനത്തിൽ പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികളെ സഹായിക്കുന്നതിന് BRC യിൽ നിന്നും Resourse ക്ലാസുകൾ നൽകുന്നു. കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ കൗൺസിലറുടെ സേവനവും സ്കൂളിൽ ഉണ്ട്.

വിദ്യാരംഗം, ശാസ്ത്രരംഗം, ശാസ്ത്രപഥം, Seed, Eco, Legal Literacy, JRC തുടങ്ങിയ ക്ലബ്ബുകളും സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. പാഠ്യപദ്ധതിയുടെ ഭാഗമായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടത്തുന്നു. കൂടാതെ സൗഹൃദ ക്ലബ്ബ്, N.SS തുടങ്ങിയവയും നന്നായി പ്രവർത്തിച്ചു വരുന്നു. വരും വർഷങ്ങളിൽ വിദ്യാലയം ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ ചുവടെ ചേർക്കുന്നു.

## അവസ്ഥാപഠനം

### പരിമിതികൾ

ഈ നാട്ടിലെ എല്ലാ വിഭാഗം കുട്ടികളും ഈ വിദ്യാലയത്തിലേക്ക് വരുന്നില്ല എന്നതാണ് സ്കൂളിന്റെ ഏറ്റവും വലിയ പരിമിതി. വിദ്യാഭ്യാസപരമായും സാമ്പത്തിക പരമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾ മാത്രമാണ് ഇപ്പോൾ പഠിക്കുന്നത്. അതുകൊണ്ട് തന്നെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നില്ല. പഠനകാര്യങ്ങളിൽ മാതാപിതാക്കൾക്കും കുട്ടികളെ സഹായിക്കാൻ കഴിയുന്നില്ല. ബ്രോക്കൺ ഫാമിലി, കുടുംബ പ്രശ്നങ്ങൾ, ദാരിദ്ര്യം എന്നിവ കുട്ടികളുടെ മാനസിക സന്തോഷത്തെയും പഠനത്തെയും ബാധിക്കുന്നുണ്ട്. അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന പഠനാനുഭവങ്ങൾ മാത്രമാണ് കുട്ടികൾക്കുള്ളത്. അതിനാൽ തന്നെ അധ്യാപകർ വളരെ കരുതലും ശ്രദ്ധയും ഓരോ കുട്ടിക്കും നൽകി വരുന്നു. മലയോര മേഖലയായതിനാൽ യാത്രാ സൗകര്യം ഇല്ലാത്തതും കുട്ടികളുടെ എണ്ണം കുറയുന്നതിന് ഒരു വലിയ കാരണമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് അധ്യാപകർ ഇല്ലാത്തത് അക്കാദമിക രംഗത്ത് വലിയ പോരായ്മയാണ്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ കൊമേഴ്സിൽ Mathematics കൂടി വരുന്ന Combination ആയതിനാൽ അത് റിസൽട്ടിനെ ബാധിക്കുകയും കുട്ടികൾ കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു. കൂടാതെ L.P, U.P വിഭാഗങ്ങളിൽ മതിയായ ക്ലാസ്സ് മുറികൾ ഇല്ലാത്തത് മറ്റൊരു പരിമിതിയാണ്. സ്കൂൾ ഓഡിറ്റോറിയം ബലക്ഷയം മൂലം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ പ്രവർത്തിക്കുന്നില്ല. കൂടാതെ എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് ഉച്ചഭക്ഷണം കഴിക്കാനുള്ള dining Hall ഉണ്ടാവേണ്ടത് മറ്റൊരു ആവശ്യമാണ്.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

* ഭാഷാ ശേഷി വികസനം.
* ഇംഗ്ലീഷ് പഠനം - അനായാസമാക്കൽ
* പത്രപാരായണം.
* വായന ശേഷി വർദ്ധിപ്പിക്കൽ
* സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
* കായിക ക്ഷമതാ വികസനം.
* ഗവേഷണാത്മക പഠനം.
* ബോധവത്കരണ ക്ലാസുകൾ
* ഗവേ. മെഡിക്കൽ ക്യാമ്പുകൾ
* കലാപരിപോഷണ പരിപാടികൾ.
* ലൈബ്രറി ശാക്തീകരണം
* പരിസ്ഥിതിയോട് അഭിരുചി വളർത്തൽ
* മാനസിക വളർച്ച ശക്തിപ്പെടുത്തൽ.
* സയൻസ്, സോഷ്യൽ സയൻസ്, മാത്സ് ലാബ് ശക്തിപ്പെടുത്തൽ
* കാർഷിക മേഖലാ സന്ദർശനങ്ങൾ.
* പൊതു വിജ്ഞാന പരീക്ഷാ പരിശീലന പരിപാടി.

## അക്കാദമിക മാസ്റ്റർ പ്ലാൻ - HS അടിസ്ഥാന ശാസ്ത്രം·

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക · | ഓരോ പാഠത്തിലെയും പരീക്ഷണങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്യുന്നു · | ഏപ്രിൽ - മെയ് അവധിക്കാലം · | സയൻസ് അധ്യാപകർ SRG · |
| ശാസ്ത്രോപകരണങ്ങളുടെ ലഭ്യതയും വളർച്ച | ആവശ്യമായവ ലിസ്റ്റ് ചെയ്ത് ഉപകരണങ്ങൾ നിർമ്മിക്കുന്നു · | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുന്ന വിധം ലാബുകൾ ക്രമീകരിക്കുക · | ലാബിൽ ഓരോ ഉപകരണങ്ങളും തയ്യാറാക്കുന്നു · | അക്കാദമിക വർഷം | സയൻസ് അധ്യാപകർ · |
| പരിസ്ഥിതി ലാബ് മെച്ചപ്പെടുത്തുക | പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഓരോന്നായി എഴുതി പ്രദർശിപ്പിക്കുക · | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട നടത്താവുന്ന ഫീൽഡ് ട്രിപ്പുകൾ ലിസ്റ്റ് ചെയ്യുന്നു · ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നു · | ഏപ്രിൽ - മെയ് അവധിക്കാലം · പഠനാന്തര ബന്ധമായി മധ്യകാലം | സയൻസ് അധ്യാപകർ · |
| | പാഠഭാഗവുമായി ബന്ധപ്പെട്ട സെമിനാറുകൾ മുൻകൂട്ടി ലിസ്റ്റ് ചെയ്യുന്നു, ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി ഓരോ വിഭാഗത്തിലെയും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് പൊതുവായി നടത്താവുന്ന സെമിനാറുകൾ കണ്ടെത്തുന്നു . | ഏപ്രിൽ മാസം | സയൻസ് അധ്യാപകർ · |
| | ശാസ്ത്ര വാർത്തകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുന്നു · | മേയിൽ ! അവധിക്കാലം | സയൻസ് അധ്യാപകർ PTA |
| | ശാസ്ത്രത്തിലെ നൂതനാശയങ്ങൾ എല്ലാ കുട്ടികൾക്കും കാണത്തക്കവിധം പ്രദർശിപ്പിക്കുവാൻ സ്കൂളിൽ ഒരു വിജ്ഞാന ചുവർ ഒരുക്കുക . | ഏപ്രിൽ | [illegible] അധ്യാപകർ സയൻസ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| | സ്കൂൾ അസംബ്ലിയിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുക. | | സയൻസ് അദ്ധ്യാപകർ |
| ഹൈടെക് യുഗത്തിൽ മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>• ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>• ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രകാശനം.<br>• സയൻസ് ലാബ്, IT ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ<br>PTA |
| ആരോഗ്യ പരിസ്ഥിതി സൗഹൃദ മനോഭാവം കുട്ടികളിൽ വളർത്തുക. | • കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. (Height, weight, blood group)<br>• തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.<br>• സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്ലാസ്.<br>• പൂർണ്ണമായും ഹരിത വിദ്യാലയം എന്ന ലക്ഷ്യത്തിലെത്തൽ. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ<br>PTA<br>സയൻസ് ക്ലബ് |
| വൈജ്ഞാനിക മേഖലയിൽ സ്വീകരണം അന്വേഷണ ത്വര വർധിപ്പിക്കൽ അറിവ് നേടൽ | • ക്വിസ്, സെമിനാറുകൾ എന്നിവയിൽ പങ്കെടുക്കുന്നു.<br>• പുതിയ പുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>• ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് |
| | • ഐ.സി.ടി. സാധ്യതകൾ ബന്ധപ്പെടുത്തി എടുക്കാവുന്ന പാഠഭാഗങ്ങൾ കണ്ടെത്തി ആവശ്യ സാമഗ്രികൾ ക്ലാസ്സുകളിൽ ഉപയോഗപ്പെടുത്തുന്നു. | ഏപ്രിൽ മാസത്തിൽ | സയൻസ് അദ്ധ്യാപകർ<br>ICT ചാർജുള്ള അദ്ധ്യാപകർ |
| | • ശാസ്ത്ര വിഷയവുമായി ബന്ധപ്പെടുത്തി ആവശ്യമായ പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അവ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തുന്നു. | ഏപ്രിൽ- ജൂൺ മാസങ്ങൾ | സയൻസ് അദ്ധ്യാപകർ<br>ലൈബ്രറി ചാർജുള്ള അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| | പഠിതാക്കൾ തയ്യാറാക്കിയുള്ള നിർമ്മാണങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>• ഇന്ത്യക്കാരായ ശാസ്ത്രജ്ഞന്മാരുടെ [illegible] നേതൃത്വത്തിൽ അവതരിപ്പിക്കുന്ന സ്കിറ്റിലെ [illegible] കുട്ടികളും [illegible] പ്രദർശിപ്പിക്കുന്നു.<br>• ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് തയാറാക്കുന്നു. | ഒന്നു വീതം ടേമിൽ | സയൻസ് അധ്യാപകർ |
| ശാസ്ത്രജ്ഞരെക്കുറിച്ച് നിരന്തരമായി അന്വേഷണം നടത്താനും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി. | • സെമിനാർ പേപ്പറുകൾ ക്ലാസുകളിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | | | |

# HIGH SCHOOL - ENGLISH - ACADEMIC MASTER PLAN 2025-26.

| objective | Activities | Period | Responsibility | Financial Resource |
|---|---|---|---|---|
| Provide Opportunity to communicate in English. | Spoken English classes, English library, English Assembly. | July | English Tr. | English club. |
| To give training to explore themselves in English. | Films, Documentary, Profile script. Roleplay, English Day Celebrations. | July. | English Tr | English club. |
| Give training to read fluently. | English news reading, Public speaking, Simple Games My Diary etc | August. | English Tr | English club |
| Dramatization | Puppet Show. English lab, English Skit | September | English Tr | English club. |
| Enable for Poem recitation & Poetry writing | Conducting Competitions for poetry writing & Poem recitation Book reviews, magazines | End of the year | English Tr | English club. |
| Enable the child to write English without any mistake | Prepare posters, Notices. Quiz Competitions, riddles in English. | February | English Tr | English Club. |
| | | | | |

# HIGH SCHOOL ENGLISH - ACADEMIC MASTER PLAN 2025-26.

| Objective | Activities | Period | Responsibility | Financial Resume |
|---|---|---|---|---|
| Provide Opportunity to communicate in English. | Spoken English classes, English library, English Assembly. | July | English Tr. | English club. |
| To give learning to explore themselves in English. | Films, Documentary, Profile script. Roleplay, English Day celebrations. | July. | English Tr | English club. |
| Give learning to read fluently. | English news reading. Public speaking, Simple Games My Diary etc | August. | English Tr | English club |
| Dramatization | Puppet Show, English tale, English Skit | September | English Tr | English club. |
| Enable for Poem recitation & Poetry writing | Conducting Competitions for poetry writing & Poem recitation Book reviews, magazines | End of the year | English Tr | English club. |
| Enable the child to write English without any mistake | Prepare posters, Notices Quiz Competitions, riddles in English. | February | English Tr | English club. |
| | | | | |

# अकादमिक मास्टर प्लान हिन्दी · 2025-26 ·

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ CWSN Slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | 5 – 10 | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപകർ |
| | • കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ – പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയാറാക്കുന്നു. | 5-10 | ജൂൺ · ജൂലൈ | ഹിന്ദി അധ്യാപകർ |
| എഴുതാനും വായിക്കാനും ആശയവിനിമയം നടത്താനുള്ള ശേഷി വർധിപ്പിക്കൽ | എല്ലാ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എഴുത്തും, അഭിനയം, വായനം എന്നിവയുടെ ദൈനംദിന അവതരണം. | 5 – 9 | പ്രതിദിനം | ഹിന്ദി അധ്യാപകർ |
| അക്ഷരമാല ഹൃദിസ്ഥമാക്കൽ | CWSN, Slow learners കുട്ടികൾക്കായി ഇത്തരം പസിലുകൾ, പല വർണ്ണങ്ങളിൽ അക്ഷരമാല അവതരണം | 5-10 | എല്ലാ മാസവും ആഴ്ചയിൽ ഒരു ദിവസം. | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലദൈർഘ്യം | ചുമതല |
|---|---|---|---|---|
| ഭാഷയോടും ഹിന്ദി സാഹിത്യത്തോടും അഭിരുചി ജനിപ്പിക്കുക. | ഹിന്ദിയിലുള്ള ചെറിയ കുറിപ്പുകൾ, ജീവികൾ, ഹാസ്യകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കൽ | 5-9. | എല്ലാ മാസവും ആഴ്ചയിലൊരിക്കൽ | ഹിന്ദി അധ്യാപകർ |
| ഹിന്ദിയിൽ ചെറുപ്രസംഗങ്ങൾ നടത്താനുള്ള കഴിവ് വർധിപ്പിക്കുക. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക (പ്രേംചന്ദ് ജയന്തി) | 5-10. | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപകർ |
| ഹിന്ദിയിൽ പത്രിക തയ്യാറാക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുക. | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | 5-10 | ജനുവരി. | ഹിന്ദി അധ്യാപകർ |
| ഭാഷാ ശേഷി വർധിപ്പിക്കുക പദസമ്പത്ത് വർധിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രേരിപ്പിക്കുക. | 5-10 | പ്രതിദിനം | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷാപഠനം എളുപ്പമാക്കുക, ഭാഷാ പ്രയോഗങ്ങൾ മനസ്സിലാക്കുക. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം, ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം. | 5-10. | അധ്യയന വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| AI സാങ്കേതിക വിദ്യയിലൂടെ ഭാഷാപഠനം എളുപ്പമാക്കുക | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള അവസരം | 5-9 | അധ്യയന വർഷം | ഹിന്ദി അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ · സ്കൂൾ തല പ്രവർത്തനങ്ങൾ

U.P, H.S · മലയാളം 2025-26

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * Pre-Test<br>* അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* ചിത്ര വായന<br>* ഇഷ്ടമുള്ള കാര്യങ്ങൾ പറയുന്നു എഴുതുന്നു.<br>* പ്രകൃതി നിരീക്ഷണം - ലഘു വർണ്ണന തയ്യാറാക്കൽ<br>* ക്ലാസ്സ് റൂം ലൈബ്രറിയിലെ പുസ്തകം വായിക്കുന്നു. | 3 മാസം<br>ജൂലൈ - സെപ്റ്റംബർ<br>(ഹ്രസ്വകാലം) | അധ്യാപിക<br>റിസോഴ്സ് ടീച്ചർ | | |
| കുട്ടികളുടെ വായന ശീലം പരിപോഷിപ്പിക്കൽ (വായനക്കൂട്ടം) | * വായന മൂല (ക്ലാസ്സ് റൂം ലൈബ്രറി) പ്രവർത്തനങ്ങൾ സജീവമാക്കുന്നു.<br>* പത്രവായന, ക്വിസ്<br>U.P, H.S വിഭാഗം കുട്ടികൾക്ക് ക്ലാസ്സ് റൂമിൽ പത്രം നൽകി വായിക്കാൻ അവസരം നൽകുന്നു. അസംബ്ലിയിൽ പത്രവാർത്തയിൽ നിന്ന് ക്വിസ് ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരം പറഞ്ഞവർക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | ഹ്രസ്വകാലം<br>ദീർഘകാലം | മലയാളം അധ്യാപിക | | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- |
| | * പുസ്തക പരിചയത്തോടെയുള്ള ക്ലാസ്സുകളുടെ തുടക്കം. | ഹ്രസ്വകാലം. | മലയാളം അധ്യാപകർ | | |
| | * വായന മാസം – വായനക്കുറിപ്പ് തയ്യാറാക്കൽ - വായനക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ - ക്ലാസ്സ്, സ്കൂൾ തല ലൈബ്രറി, പുസ്തകവായന. | ഹ്രസ്വകാലം. | മലയാളം അധ്യാപകർ | | |
| | * സ്കൂൾ ലൈബ്രറിയിൽ പുസ്തകോത്സവം ഒരുക്കൽ. | ദീർഘകാലം | | | |
| | * പുസ്തക പ്രദർശനം. | ഹ്രസ്വകാലം. | | | |
| എഴുത്തുകൂട്ടം. | വിദ്യാരംഗം കലാസാഹിത്യവേദി എഴുത്തുകൂട്ടം രൂപീകരണം. | | | | |
| | * മികച്ച വായനക്കുറിപ്പുകൾ അസംബ്ലിയിൽ അവതരിപ്പിക്കൽ | ദീർഘകാലം | മലയാളം അധ്യാപകർ | | |
| | * മാഗസിൻ നിർമ്മാണം. | ഹ്രസ്വകാലം | | | |
| | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നിർമിതികളുടെ പ്രദർശനം. | ഹ്രസ്വകാലം | | | |
| | * തിരക്കഥ - തയ്യാറാക്കൽ | | | | |
| | * സിനിമ - റിവ്യൂ തയ്യാറാക്കൽ | ഹ്രസ്വകാലം. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ H.S ഗണിതശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം. | അധ്യാപകർ മുന്നോക്കം നില്ക്കുന്ന കുട്ടികൾ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | ജൂൺ - ജൂലൈ മാസങ്ങളിൽ തുടങ്ങുന്നു. (തുടർപ്രവർത്തനമായി ചെയ്യുന്നു) | ക്ലബ് സെക്രട്ടറി അധ്യാപകർ പി.ടി.എ. |
| ഗണിത ക്വിസ് | എല്ലാ ആഴ്ചയും ക്വിസ് നടത്തുന്നു. | തുടർപ്രവർത്തനമായി ചെയ്യുന്നു | ക്ലബ് സെക്രട്ടറി അധ്യാപകർ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | തുടർപ്രവർത്തനങ്ങൾ ചെയ്യുന്നു | |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം. | തുടർപ്രവർത്തനം | അധ്യാപകർ സഹിതരവർ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനമായി ചെയ്യുന്നു. | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | അധ്യാപകർ, ഫീൽഡ്ട്രിപ്പ് മറ്റു ക്ലബ്ബുകളും ഉൾപ്പെടുത്തി സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് 15 | ക്ലബ് സെക്രട്ടറി അധ്യാപകർ PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അധ്യാപകർ കാലാനുസൃതമായി ചെറിയ ക്ലാസ് മുതലുള്ള ഇടപെടൽ പഠനം സാധ്യമാക്കി നേട്ടങ്ങളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതികളുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പഠനയാത്രകൾ എന്നിവ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം ഇടക്ക് പ്രവർത്തനം | വിഷയസമിതി കൺവീനർ. മുതിർന്ന അധ്യാപകർ |
| ഗണിത മത്സര വേദികളിലേക്ക് മേളകളിൽ ഉന്നത സ്ഥാനം കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ | എല്ലാ അധ്യാപകരും രണ്ടാഴ്ചയിൽ ഒരു ദിവസം ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ | അധ്യാപകർ ഹെഡ്മാസ്റ്റർ PTA പ്രസിഡന്റ് |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു PTA നടത്തുന്നു. ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ H.M PTA പ്രസിഡന്റ് |
| | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ · H.S · സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി[illegible] |
|---|---|---|---|---|
| ജനാധിപത്യബോധം | * സ്കൂൾ പാർലമെന്റ്<br>* സ്കൂൾ തിരഞ്ഞെടുപ്പുകൾ | * ഹ്രസ്വകാലം | S.S അധ്യാപിക | |
| ചരിത്രാന്വേഷണ കൗതുകം വളർത്തൽ | * പ്രാദേശിക ചരിത്ര രചന<br>* സ്ഥല സന്ദർശനം<br>* ചരിത്ര പുസ്തകങ്ങൾ ലഭ്യമാക്കൽ | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| പൊതുവിജ്ഞാനം വർധിപ്പിക്കൽ | * ക്വിസ് മത്സരങ്ങൾ<br>* പത്രവാർത്തകളുടെ പ്രദർശനം<br>* ദിനാചരണങ്ങളുടെ പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>* ചോദ്യവേള – പത്രവാർത്തകളെ അടിസ്ഥാനമാക്കി | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ | * ദിനാചരണങ്ങൾ സംഘടിപ്പിക്കൽ (വിശേഷ ദിനവുമായി ബന്ധപ്പെടുത്തി വിശിഷ്ട വ്യക്തികളുമായി ബന്ധപ്പെടുത്തൽ)<br>* സോഷ്യൽ സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| കുട്ടികളിൽ നേതൃഗുണം വളർത്തൽ | * സെമിനാറുകൾ, സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കൽ | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| നിയമ സാക്ഷരത | നിയമ ബോധവൽക്കരണം. | ഹ്രസ്വകാലം | സോഷ്യൽ സയൻസ് അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാരിസ്ഥിതിക അവബോധം സൃഷ്ടിക്കൽ | * പ്രകൃതി സംരക്ഷണം<br>* വൃക്ഷത്തൈകൾ നടീൽ<br>* ഉദ്യാന നിർമ്മാണം<br>* സുസ്ഥിര വികസനമെന്ന കാഴ്ചപ്പാട് വളർത്തിയെടുക്കൽ | ദീർഘകാലം | സോഷ്യൽ സയൻസ് അധ്യാപിക | |
| ലഹരി വിരുദ്ധ മനോഭാവം | * ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ<br>* ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | | | |
| | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ U.P. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായത്തിന് |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്<br>ഔഷധ തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി ചെടികൾ കൊണ്ടുള്ള അതിരുകൾ ഇവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | P.T.A. |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി.<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി, രസകരമായ ലഘു പരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകളുടെ നിർമ്മാണം, പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര ദിനങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | P T A സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വിജ്ഞാന ജ്യോതി<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിജ്ഞാനങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | P.T.A സ്പോൺസർഷിപ്പ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ - എൽ.പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷയുടെ അടിസ്ഥാന ശേഷി വികാസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, യാത്രാനുഭവം) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക്. പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുന്നു. മനസ്സിലാക്കി ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും. | ഇ - കമ്പ്യൂട്ടിംഗ്. മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു | രണ്ട് വർഷം | മലയാളം. IT അധ്യാപകർ | |
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ PTA | |

## അക്കാദമിക മാസ്റ്റർ പ്ലാൻ U.P. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശില്പശാല<br>· കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു.<br>· work sheet കൾ നല്കുന്നു. | ജൂൺ മാസം എല്ലാ ആഴ്ചയിലും | ഗണിത അധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | ക്ലാസ്സിൽ ഗണിത മൂല സജ്ജമാക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഗണിത പഠനത്തിൽ പ്രയോജനപ്പെടുത്തുന്നു. | · ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, കോൺ അളവ് തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളിൽ കൂടുതൽ എളുപ്പത്തിൽ എത്തിക്കാൻ ഉപയോഗിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന അധ്യാപകരും ചേർന്ന് പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ രണ്ട് പിരീഡ് | ഗണിത അധ്യാപകരും വിദ്യാർത്ഥികളും | |
| വിവിധ ശേഷികളുടെ വികാസം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG. | |

| Academic Master Plan U.P. English | | | | |
|---|---|---|---|---|
| Objectives | Activities | Period | Responsibility | Financial Resource |
| Provide opportunity to listen and speak English fluently | Lend your ear: Play recorded Audio of English | June | English Tr. | |
| | Follow me if you can: Provide training to follow the interaction given to English language. | July | English Tr. | English Club |
| | Breaking News: Play recorded audio of English News. | August | English Tr. | |
| | Interview: Interview with kid who knows English language. | November | English Tr. | English Club. |
| Provide training to read fluently. | I too Can: Provide reading Cards to read | | | |
| | Reader of the month: Provide opportunity to read English news paper and select and recognize the reader of the month. | Every month | English Tr | English Club |
| Enable the child to write English without any mistake | Mini Dictionary: Prepare a mini dictionary for every child | End of the Year | English Tr. | |
| | Alert Zone: Prepare sign boards posters. Notice etc and exhibit in the class room. | Observance of the day | | English Club |
| | Run Baby Run: Provide the class into groups Students write the words on the chart after reading it. | February | English Tr. | English Club. |
| | Funtime: Prepare funny Quiz Questions Jokes, Riddle in English. | January | English Tr | English Club. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - U.P Social Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ധാരണകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (ചോദ്യങ്ങൾ ചർച്ചകൾ, മാതൃകകൾ പരിശോധിക്കൽ) പത്രവാർത്ത വിശകലനങ്ങൾ എന്നിവ സംഘടിപ്പിക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റുക. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെ ശാസ്ത്രീയമായി അവതരിപ്പിക്കുക.<br>വിമർശനാത്മക ചിന്ത പ്രവർത്തിയിലൂടെ വിശകലനത്തിന് പ്രാപ്തരാക്കുക. | ചരിത്രത്തിന്റെ മുന്നോട്ട് പോക്ക് വ്യക്തമാക്കുന്ന ചാർട്ടുകളിലൂടെ കാലഗണനയുടെ സ്വഭാവം വ്യക്തമാക്കുക.<br>- ICT യുടെ സാധ്യതകൾ ഉപയോഗിച്ച് ചരിത്ര സ്ഥലങ്ങളെയും ചരിത്ര പുരുഷന്മാരെയും പരിചയപ്പെടുത്തുക.<br>- ചരിത്ര രചനയുടെ സ്രോതസ്സുകൾ പരിചയപ്പെടുത്തൽ പ്രാദേശിക ചരിത്ര രചനക്ക് പ്രാപ്തരാക്കുക.<br>- ചരിത്ര ശക്തികളെ നിർണ്ണയിക്കുന്ന ഘടകങ്ങളെ തിരിച്ചറിഞ്ഞ് വിമർശനാത്മക വിശകലനത്തിന് പര്യാപ്തരാക്കുന്ന പ്രവർത്തനങ്ങൾ (തെളിവു ശേഖരണം വിവിധ ഘടകങ്ങളുടെ വിശകലനം, സമകാലിക സംഭവങ്ങളെ ചരിത്രവുമായി ബന്ധപ്പെടുത്തൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂമിശാസ്ത്രപരമായ അറിവുകൾ, ധാരണകൾ ഭൂപടങ്ങൾ തുടങ്ങിയവ നിർമ്മിക്കുക. | ഭൂമിശാസ്ത്രപരമായ ഉപകരണങ്ങൾ പരിചയപ്പെടുത്തുക - ഭൂപടവായന പ്രാദേശികമായ ഭൂപടങ്ങളെഴുതൽ വിശകലനം ചെറു യാത്രകൾ | ജൂലൈ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ ഹെഡ്മാസ്റ്റർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ജനാധിപത്യപരമായ ആശയങ്ങളുടെ മൂർത്തമായ ആവിഷ്കാരം പ്രകടമാകുന്ന പ്രവർത്തനങ്ങൾ (ചർച്ചകൾ, ഡിബേറ്റ്, റോൾ പ്ലേ, രാഷ്ട്രീയ വിശകലനം) വാർഡുസഭയിൽ പങ്കെടുക്കുക, പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെ ജനാധിപത്യമര്യാദകൾ ആർജ്ജിക്കൽ | ജൂലൈ മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ. വാർഡ് മെമ്പർ P.T.A അംഗങ്ങൾ | |
| സാംസ്കാരികവും ജൈവികവുമായ വൈവിധ്യങ്ങളെ മനസ്സിലാക്കി സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ ജീവിതചര്യ രൂപപ്പെടുത്തുക | വിവിധ സാംസ്കാരിക രൂപങ്ങളുടെ പ്രദർശനം, ജൈവവൈവിധ്യത്തിന്റെ കണ്ടെത്തൽ, സിനിമ പ്രദർശനം സാഹിത്യ രൂപങ്ങളുടെ അവതരണം - നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന്റെ മൂർത്ത) ആവിഷ്കാരം വ്യക്തമാകുന്ന പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതിയെ മനസ്സിലാക്കി തന്നിലെ സ്വഭാവമുള്ള ഒരു ജീവിതക്രമം രൂപപ്പെടുത്തുക. പ്രകൃതി ദുരന്തങ്ങളെ തിരിച്ചറിഞ്ഞ് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുന്നു. | ചോദ്യാവലികളിലൂടെയും നിരീക്ഷണങ്ങളിലൂടെയും പ്രകൃതിയുടെ സവിശേഷതകൾ മനസ്സിലാക്കുക. ലൈബ്രറിയിലെ പുസ്തകങ്ങളുടെ സഹായത്തോടെയും ICT യുടെ സഹായത്താലും പ്രകൃതി മലിനീകരണത്തിന്റെ ദോഷം മനസ്സിലാക്കി പുതിയ ജീവിത മാതൃക ചർച്ച ചെയ്യുക. പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുകയും അതിന്റെ കാരണങ്ങൾ നിരീക്ഷിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു. പത്രവാർത്തകൾ വിശകലനം ചെയ്ത് ദുരന്തങ്ങളുടെ വ്യാപ്തി മനസ്സിലാക്കുന്നു. ദുരന്ത നിവാരണ സേന, അഗ്നിശമന സേന എന്നിവയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു. മോക്ക്ഡ്രില്ലുകളിൽ പങ്കെടുക്കുന്നു. പോസ്റ്ററുകൾ തയാറാക്കൽ. സെമിനാറുകളിൽ പങ്കെടുക്കൽ. | ജൂൺ - മാർച്ച് | അദ്ധ്യാപകർ<br>HM<br>ദുരന്ത നിവാരണ അഗ്നിശമന സേന. | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | മറ്റുള്ളവരോട് സമഭാവന തോന്നുവാൻ പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ ക്ലാസ് മുറിയിൽ രൂപപ്പെടുത്തുന്നു. ദുരന്ത ബാധിതർക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നു | ജൂലൈ മാർച്ച് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ<br>School Leader<br>Club Co-ordinator | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതിയുടെ സവിശേഷതകൾ പ്രാധാന്യം ഇവ വ്യക്തമാക്കുന്ന പതിപ്പുകൾ, ചർച്ചകൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. ആഘാതങ്ങളെപ്പറ്റി റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. | | | |
| സിവിൽ ബോധം രൂപപ്പെടുത്തുവാനും സാമൂഹ്യ സുരക്ഷയെ കുറിച്ച് ബോധവാൻമാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | പൊതുമുതലിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾ നിർമ്മിക്കുന്ന ക്ലിപ്പുകൾ സന്ദർശനങ്ങൾ, പൊതുയിട ശുചീകരണം പോസ്റ്റർ നിർമ്മാണം, ചെറു രേഖകൾ, Sign- board നിർമ്മാണം. | | | |
| ദേശീയ- അന്തർ ദേശീയ കാഴ്ചപ്പാട് വികസിപ്പിക്കുക. | ദേശീയ നേതാക്കൻമാരുടെയും അവരുടെ കാഴ്ചപ്പാടുകളുടെയും അവതരണം, ദിനാചരണങ്ങൾ അന്തർദേശീയ നേതാക്കൻമാരെയും പ്രസ്ഥാനങ്ങളെയും അവതരിപ്പിക്കൽ സാഹിത്യ രൂപങ്ങളെയും ആശയങ്ങളെയും പരിചയപ്പെടൽ. ആൽബം, പതിപ്പ്, നിർമ്മാണം. | | | |
| ഉപരി പഠനത്തിന് ഔദ്യോഗിക ജീവിതത്തിന് സജ്ജരാക്കൽ | ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ. തൊഴിൽ നൈപുണി വളർത്തുവാനുള്ള workshop കൾ സംഘടിപ്പിക്കുക. | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ്-1 മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതുവാനും വായിക്കുവാനും വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നതിനും പ്രാപ്തരാക്കുന്നു. | * ചിത്രകാർഡ് വായന.<br>* പരിസ്ഥിതി ദിനാചരണം.<br>* അക്ഷരം ഉറപ്പിക്കൽ.<br>* ചിത്രവായന<br>* വായനമൂല ഒരുക്കൽ.<br>* അവധി വായന<br>* കഥ പറയൽ.<br>* താളാത്മകമായി വായ്ത്താരികൾ ചൊല്ലൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ CPTA. |
| സ്വന്തം ആശയം ലഘു വാക്യങ്ങളിൽ എഴുതൽ. | * ചെറുകഥകൾ കേൾക്കൽ.<br>* കഥകൾ അവതരിപ്പിക്കൽ.<br>* കണ്ട കാര്യങ്ങൾ / അനുഭവങ്ങൾ വ്യക്തമായി പറയൽ.<br>* സംയുക്ത ഡയറി എഴുതൽ.<br>* ഓരോ ദിവസവും നിശ്ചിത അക്ഷരങ്ങൾ പഠിക്കാൻ അവസരങ്ങൾ ഒരുക്കൽ. | ജൂലൈ - മാർച്ച് | ക്ലാസ്സ് ടീച്ചർ |
| രക്ഷിതാവിന്റെ അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ | രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ - സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കൽ - ആശയാവതരണത്തിലൂടെ വിവിധ വ്യവഹാരങ്ങളിൽ ഏർപ്പെടൽ ഹിരോഷിമ നാഗസാക്കി ദിനാചരണം. | ആഗസ്റ്റ് സെപ്റ്റംബർ - മാർച്ച് | ക്ലാസ്സ് ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലളിതമായ വായനക്കാർഡുകൾ നിർമിക്കൽ, വായിക്കൽ | ലളിതമായ വ്യക്തിഗത വായനക്ക് അവസരം ഒരുക്കൽ. ടീച്ചർ ഡയറിയും ഫ്രണ്ട് ഡയറിക്കുറിപ്പ് എന്ന വ്യവഹാര രൂപത്തിൽ നൽകൽ.<br>• ചിത്രം കാണിച്ച് ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കഥ പറയൽ. അധ്യാപക ദിനാചരണം | സെപ്തംബർ - മാർച്ച് | ക്ലാസ് ടീച്ചർ CPTA |
| ലളിത ബാലസാഹിത്യ കൃതികൾ വായിക്കൽ | വായന കാർഡിന്റെ സഹായത്തോടെ ലളിതമായ വാക്യങ്ങൾ വായിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വായനകാർഡ് തയ്യാറാക്കൽ.<br>• കുട്ടികളുടെ സംഗീത സദസ്സ് | ഒക്ടോബർ - മാർച്ച് | ക്ലാസ് ടീച്ചർ CPTA. |
| ചെറുകഥകൾ വായിച്ചുവിവരിക്കൽ | • അധ്യാപികയുടെ സഹായത്തോടെ ചെറു ബാലസാഹിത്യ കൃതികൾ വായിക്കുന്നു<br>• CPTA യിൽ കുട്ടികൾ ഒരു കഥ വായിക്കുന്നു.<br>• കേരളപ്പിറവി ദിനം<br>• ശിശുദിനം. | നവംബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കൽ | കൂട്ടത്തിൽ വാക്യഘടനയോടെ സംയുക്ത ഡയറി എഴുതൽ.<br>• ചിത്രത്തിന്റെ അടിസ്ഥാനത്തിൽ ചെറു വാക്യങ്ങൾ എഴുതൽ.<br>• വായനാകാർഡുകൾ തയ്യാറാക്കൽ വായിക്കൽ<br>• ക്രിസ്മസ് ആഘോഷം. | ഡിസംബർ - മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളെ വായനയിലേക്ക് നയിക്കൽ | വായനാകാർഡുകളുടെ സഹായത്തോടെ കുട്ടികളെ വായനയിലേക്ക് നയിക്കാൻ<br>* ചിഹ്നം ഉറക്കാത്തവർക്ക് പ്രത്യേക പരിഗണന.<br>* റിപ്പബ്ലിക് ദിനാചരണം. | ജനുവരി - മാർച്ച്. | ക്ലാസ് ടീച്ചർ |
| സ്വന്തം ആശയം ലഘു വാക്യങ്ങളിൽ എഴുതുന്നു പറയുന്നു. | * ക്ലാസ് ലൈബ്രറിയിലെ ലളിതമായ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br>* സ്വതന്ത്രമായും അധ്യാപികയുടെ സഹായത്തോടെയും വായിക്കുന്നു.<br>* വരികൾ കൂട്ടിച്ചേർക്കുന്നു.<br>* ചിത്രത്തിൽ നിന്നും ലഘു വാക്യങ്ങൾ ഉപയോഗിച്ച് കഥ പറയുന്നു. | ഫെബ്രുവരി - മാർച്ച് | ക്ലാസ് ടീച്ചർ |
| | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം ക്ലാസ് -1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന ത്രിമാന രൂപങ്ങൾ തിരിച്ചറിയുന്നു. തരം തിരിക്കുന്നു. | * നിറം നൽകൽ.<br>* അക്ഷരചിത്ര രേഖ.<br>* രേഖ വരയ്ക്കാം.<br>* വരയ്ക്കാം നിറം നൽകാം.<br>* രൂപങ്ങൾ തിരിച്ചറിയാം.<br>* കടലാസ് തോണി,<br>* worksheet പ്രവർത്തനങ്ങൾ. | ജൂൺ - സെപ്റ്റംബർ | ക്ലാസ് ടീച്ചർ. |
| ചുറ്റുപാടും നിരീക്ഷിച്ച് വസ്തുക്കളുടെ സ്ഥലം സ്ഥാനം എന്നിവ കണ്ടെത്തുന്നു. അവയെ സൂചിപ്പിക്കുന്ന പദങ്ങൾ പുതിയ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു. 1 മുതൽ 5 വരെ സംഖ്യകൾ വായിക്കുന്നു എഴുതുന്നു. വലുത് ചെറുത് കണ്ടെത്തുന്നു. | അകത്ത് / പുറത്ത്, മുകളിൽ / താഴെ. വലുത് / ചെറുത്, കൂടുതൽ / കുറവ്. ഇടങ്ങളിൽ പ്രീ ഗണിതാശയ പ്രവർത്തനങ്ങൾ.<br>* സംഖ്യകളുടെ ചിഹ്നങ്ങൾ എഴുതൽ<br>* worksheet പ്രവർത്തനങ്ങൾ.<br>* കളികൾ<br>* എണ്ണാം എഴുതാം.<br>* കൂട്ടം കണ്ടെത്തിയാൽ | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ |
| രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം വ്യവകലനം ചിഹ്നം' ഇല്ലാതെ അവതരണം. | എണ്ണാം എഴുതാം.<br>വരച്ചു ചേർക്കാം.<br>പാടാം എഴുതാം.<br>നിറം കൊടുക്കാം.<br>വട്ടത്തിലാക്കാം. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 9 വരെയുള്ള സംഖ്യകൾ എണ്ണൽ എഴുതൽ | തോരണം കണ്ടെത്താം. | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ |
| 1 മുതൽ 20 വരെ സംഖ്യകൾ എണ്ണൽ എഴുതൽ - താരതമ്യം ചെയ്ത് ചെറുത് വലുത് കണ്ടെത്തൽ | * നിറം കൊടുക്കാം<br>* എണ്ണി എഴുതാം.<br>* ചേർത്ത് പാടാം.<br>* പിറന്നാൾ കേക്ക്.<br>* പിറന്നാൾ ആശംസകൾ.<br>* work-sheet പ്രവർത്തനങ്ങൾ.<br>* ഒളിഞ്ഞിരിക്കുന്നതിന്.<br>* നിറം കൊടുക്കാം.<br>* മെഴുകുതിരി കത്തിക്കാം. | സെപ്റ്റംബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു സങ്കലന- വ്യവകലന ക്രിയകൾ ഉപയോഗിക്കുന്നു. | * പൂക്കളമിടാം.<br>പന്തു കളിക്കാം<br>എണ്ണാം എഴുതാം.<br>* വളയിട്ട കൈകൾ<br>* ഓണസദ്യ.<br>* വഴികാട്ടാമോ. | ഒക്ടോബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| നിത്യജീവിതവുമായി ബന്ധപ്പെട്ട 1 മുതൽ 100 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ | * പിറന്നാൾ സമ്മാനം.<br>* അലമാരയിലെ പുസ്തകങ്ങൾ പ്രായോഗിക പ്രശ്നങ്ങൾ. | നവംബർ - മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു നിശ്ചിത എണ്ണത്തെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കുന്നു. | * പന്തിന്റെ കാഴ്ചകൾ.<br>* മാങ്ങാപ്പെട്ടിയിൽ 10കൾ ചേർന്നാൽ.<br>* ഉറുമ്പിയും പാമ്പും. | | |
| അളവുകളുമായി ബന്ധപ്പെട്ട നിത്യജീവിത സന്ദർഭങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നു. നീളം, ഭാരം, ഉള്ളളവ് എന്നിവ താരതമ്യം ചെയ്യുന്നു. | . പട്ടം പറത്തുന്നവർ.<br>· വലുതാക്കാം, ചെറുതാക്കാം.<br>* സീസോയിലെ ഭാരം.<br>* നമ്പറിടാം.<br>* കൂടുതൽ വെള്ളം കൊള്ളുന്ന പാത്രം. | ഡിസംബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| നാണയങ്ങളും കറൻസികളും കൈകാര്യം ചെയ്ത് പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | നാണയ പ്രദർശനം · കണ്ടെത്തി വട്ടമിടാം.<br>നോട്ടുകളുടെ വലുപ്പ വ്യത്യാസം.<br>വലുത് / ചെറുത് | ജനുവരി - മാർച്ച് | ക്ലാസ് ടീച്ചർ |
| ഒരു ദിവസത്തിൽ വ്യത്യസ്ത സമയങ്ങൾ ഉണ്ട്. ഓരോ സമയത്തും ചെയ്യേണ്ട പ്രവർത്തനങ്ങളും ഉണ്ട്. | നിങ്ങളുടെ സമയമെത്ര? പറയാമോ?<br>എന്റെ ഡയറി എന്റെ അനുഭവം.<br>ഏതേതു മാസം.<br>ദിവസങ്ങൾ.<br>കലണ്ടർ നോക്കി പൂർത്തിയാക്കാം. | ഫെബ്രുവരി - മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട 1 മുതൽ 20 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ പരിഹരണം നടത്തുന്നു. | സംഖ്യാ കാർഡുകൾ<br>പാവകൾ.<br>രണ്ടക്ക സംഖ്യകളുടെയും ഒറ്റക്ക സംഖ്യകളുടെയും സങ്കലനം/ വ്യവകലനം<br>നാരങ്ങ വെള്ളം.<br>ഓരോന്നിനെന്തു വില.<br>അപഗ്രഥനം - ചരട് കൂട്ടൽ.<br>സങ്കലിതം തുല്യം. | മാർച്ച് | ക്ലാസ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ    പരിസരപഠനം    ക്ലാസ് I

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതി നിരീക്ഷണം. ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. വിവിധ തരം പക്ഷികൾ അവയുടെ ശബ്ദം എന്നിവ തിരിച്ചറിയുന്നു. | പ്രകൃതി നടത്തം - നിരീക്ഷണം.<br>* പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ.<br>* വൃക്ഷത്തൈ നടൽ.<br>* പക്ഷികളെ കണ്ടെത്തൽ.<br>* ശബ്ദം തിരിച്ചറിയൽ.<br>* തൂവലുകൾ നിരീക്ഷിക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |
| വിവിധ തരം പൂക്കളും അവയുടെ പ്രത്യേകതകളും കണ്ടെത്തുന്നു | * പൂക്കളെ നിരീക്ഷിക്കൽ.<br>* ഇതളുകളുടെ എണ്ണം/ നിറം/ വലിപ്പം എന്നിവയെ അടിസ്ഥാനമാക്കി തരം തിരിക്കൽ. ജീവജാലങ്ങൾക്ക് പൂക്കളെ തിരിച്ചറിയുന്നതിന് നിറവും മണവും വലിപ്പവും സഹായിക്കുന്നു എന്ന് കണ്ടെത്തുന്നു | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ. |
| വിനോദങ്ങൾ (കളികൾ) | വിവിധ തരം കളികളിൽ ഏർപ്പെടുന്നു. കളികളുടെ പേരുകൾ കണ്ടെത്തി പറയുന്നു. | ഓഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ |
| വളർത്തു ജീവികളെ നിരീക്ഷിക്കൽ / കണ്ടെത്തൽ. പൂമ്പാറ്റയുടെ ജീവിത ചക്രം നിരീക്ഷിക്കൽ | * വളർത്തു ജീവികൾ - പട്ടികപ്പെടുത്തൽ<br>* ശബ്ദം അനുകരിക്കൽ.<br>* പൂമ്പാറ്റയുടെ ജീവിത ചക്രം - video.<br>വിരൽ ചിത്രങ്ങൾ | സെപ്റ്റംബർ - മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ചുറ്റുപാടുമുള്ള ജീവികളുടെ വാസസ്ഥലം തിരിച്ചറിയുന്നു. | * വാസസ്ഥലങ്ങൾ നിരീക്ഷിക്കൽ. വീട് / കൂട് പ്രത്യേകതകൾ കണ്ടെത്തൽ നിർമാണ വസ്തുക്കൾ തിരിച്ചറിയൽ. ഉപയോഗങ്ങൾ കണ്ടെത്തുന്നു | ഒക്ടോബർ | ക്ലാസ് ടീച്ചർ. |
| വിവിധ തരം ആഹാര വസ്തുക്കൾ കണ്ടെത്തുന്നു. | വിവിധ തരം ആഹാര വസ്തുക്കൾ ലിസ്റ്റ് ചെയ്യൽ. തരം തിരിക്കൽ - പാകം ചെയ്തതും അല്ലാത്തവയും തരം തിരിക്കുന്നു. പലതരം രുചിയിലുള്ള ആഹാര വസ്തുക്കളെ പരിചയപ്പെടുത്തുന്നു. ആകൃതി അനുസരിച്ച് തരം തിരിക്കുന്നു | നവംബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| നിത്യജീവിതത്തിൽ വെള്ളത്തിന്റെ ആവശ്യകത തിരിച്ചറിയൽ | * ജലത്തിന്റെ ഉപയോഗം. * ജലജീവികൾ അല്ലാത്തവ തരം തിരിക്കൽ. * വെള്ളം പാഴാകുന്ന സന്ദർഭങ്ങൾ നിരീക്ഷിക്കൽ. * ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ഡിസംബർ - മാർച്ച് | ക്ലാസ് ടീച്ചർ |
| പഴങ്ങൾ, പച്ചക്കറികൾ എന്നിവ നിരീക്ഷിച്ച് കണ്ടെത്തുന്നു. | * പഴങ്ങൾ പലതരം * പച്ചക്കറികൾ പലതരം * നിറം, രുചി എന്നിവ അടിസ്ഥാനമാക്കി പഴങ്ങളെ തരം തിരിക്കുന്നു. പഴങ്ങൾ മണത്ത് തിരിച്ചറിയുന്നു. | ഫെബ്രുവരി - മാർച്ച് | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| വിവിധ തരം വീടുകൾ ഉണ്ട്. വീട് നിർമ്മാണത്തിന് വിവിധ ഘട്ടങ്ങൾ ഉണ്ട്. | വിവിധ തരം വീടുകൾ കണ്ടെത്തുന്നു. വിവിധ മുറികൾ - ഉപയോഗം ഇവ തിരിച്ചറിയുന്നു. വീട്ടുപകരണങ്ങൾ തിരിച്ചറിയുന്നു. വീട്ടുജോലികൾ നിരീക്ഷിച്ച് കണ്ടെത്തി പട്ടികപ്പെടുത്തൽ. വീടു നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കൽ | ഫെബ്രുവരി- മാർച്ച് | ക്ലാസ് ടീച്ചർ |
| വാഹനങ്ങൾ. ഉപയോഗങ്ങൾ തിരിച്ചറിയുന്നു | • പല തരം വാഹനങ്ങൾ കണ്ടെത്തി പറയുന്നു. • വാഹനങ്ങൾ വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. • വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ ചില മര്യാദകൾ പാലിക്കണം. | മാർച്ച് | ക്ലാസ് ടീച്ചർ |

അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം ക്ലാസ് IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചുറ്റുപാടും കാണുന്ന ചിത്രങ്ങളിലും നിർമ്മിതിയിലും ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗിച്ചിട്ടുള്ളത് തിരിച്ചറിയുന്നു. ചതുരത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു. ത്രിമാന രൂപങ്ങൾ തിരിച്ചറിയൽ. | ചിത്രം നോക്കി വരയ്ക്കൽ<br>നിറം കൊടുക്കൽ വരയ്ക്കൽ<br>രൂപം കണ്ടെത്താം.<br>ഈർക്കിൽ വീട്.<br>ചിത്രശലഭം<br>വശം അളക്കാം.<br>ഈർക്കിൽ ചതുരം.<br>ടാൻഗ്രാം. | ജൂൺ | ടീച്ചർ. |
| 10000 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. സ്ഥാനവിലയ്ക്ക് അനുസരിച്ച് വ്യാഖ്യാനിക്കുന്നു. അഞ്ചക്ക സംഖ്യകൾ രൂപീകരിക്കുന്നു. | • സംഖ്യാബന്ധം കണ്ടെത്തൽ.<br>• സംഖ്യാ പാറ്റേൺ<br>• നമ്പർ ചാർട്ട്<br>• ഒന്നു കൂടി ചേർത്താൽ<br>• എഴുതാം വരയ്ക്കാം വായിക്കാം.<br>• സംഖ്യാ കാർഡുകൾ നിർമ്മാണം.<br>• സംഖ്യാ പാറ്റേൺ (എന്റെ വക) | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ |
| നാലക്ക സംഖ്യകൾ സ്ഥാനവില എന്നിവ തിരിച്ചറിയുന്നു. നാണയങ്ങൾ നോട്ടുകൾ എന്നിവ | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നാലക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | * ഡൈസ് കോർണർ<br>* ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക്<br>* കൊട്ടാരത്തിൽ<br>* പ്രദർശന നഗരിയിലേക്ക്<br>* പിരിച്ചെഴുതാം<br>* റോമൻ സംഖ്യകൾ<br>* അബാക്കസിലെ സംഖ്യകൾ | ജൂലൈ | ക്ലാസ് ടീച്ചർ |
| നാലക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | * ഡൈസ് കോർണർ<br>* കൂടലും കുറയ്ക്കലും<br>* മാജിക് കോർണർ<br>* ഒരു കണക്കാക്കാം<br>* ബോട്ടിംഗ് കോർണർ | ആഗസ്റ്റ്- മാർച്ച് | ക്ലാസ് ടീച്ചർ |
| സമയചക്രം - ക്ലോക്ക് നോക്കി സമയം കണ്ടെത്തൽ (മണിക്കൂർ, മിനിറ്റ്, സെക്കന്റ്) പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | * നിങ്ങളുടെ സ്കൂൾ<br>* നടത്ത മത്സരം<br>* സ്വയം ക്ലോക്കിൽ വരയ്ക്കാം.<br>* പാചക മത്സരം<br>* നോട്ടീസ് ബോർഡ് | സെപ്റ്റംബർ -മാർച്ച് | ക്ലാസ് ടീച്ചർ |
| നാലക്ക സംഖ്യകളുടെ വ്യവകലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | * അബാക്കസ്<br>* കുറച്ചു നോക്കാം<br>* കണ്ടുപിടിക്കാം സമ്മാനം നേടാം<br>* കണക്ക് പെട്ടി<br>* മിഠായി നിധി<br>* സർക്കസ്<br>* നോട്ടുകൾ നാണയങ്ങൾ | ഒക്ടോബർ മാർച്ച് | ക്ലാസ് ടീച്ചർ |

Academic Master Plan . Std II English

Aim : To speak read and write English without any mistakes.
Time : June, July, August.

June

Pre-test.
To develop listening skills & reading skills first.

Listening Skills.
Games, Action songs, Hello English activities, conversations, skit, stories etc.

Use ICT

Speaking Skills.
Descriptions, Growing Sentences, picture reading, picture descriptions Self introduction Assembly activities speech, book review, quiz riddles Self introduction etc.

July & August

Reading Skills : Reading Newspaper, Library books, find new words called and read rhyming words, describing words etc. Text book activities

Writing Skills : Make word web, picture Description, word chain Sentence chain, make words and sentences, make riddles, conversations Add more lines, develop story, description, magazines etc.

Academic Master Plan Std I English

Objectives and learning outcomes:

- Respond to simple instructions in the class room.
- Describe orally about the pictures and objects.
- Familiarise with simple words
- Enjoys Songs and sings them with rhythm and action.
- Familiarise the names of birds, animals their youngones and identifies them from pictures.

June

Introduce simple words

Provide picture Cards

July

Identify familiar words.

Say familiar words.

Read familiar words

Write familiar words.

August

Enjoy Songs and sings them with rhythm and action.

Describes orally about pictures and objects. using adjectives.

# അക്കാദമിക മാസ്റ്റർ പ്ലാൻ  Std II മലയാളം

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കൽ.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കൽ.
* വർണ്ണാവബോധം സ്വതന്ത്രമായ ലേഖനത്തിൽ ഉൾപ്പെടുത്തുകയും വ്യക്തിഗതമായ രചനകളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.
* ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (വരികൾ കൂട്ടിച്ചേർക്കാം).

## മുന്നൊരുക്കം

* Pre-test നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്ക കുട്ടിക്ക് പരിഹാരബോധനത്തിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

June

* ചിത്ര കാർഡുകൾ നൽകൽ
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

July

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

August

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- വീട്ടുലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം.
- വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് III - ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായത്തിന് |
|---|---|---|---|---|
| വായന ചിഹ്നങ്ങളും ചില്ലു കൂട്ടക്ഷരവും അക്ഷര സ്വരൂപങ്ങൾ ശ്രദ്ധയോടും അനായാസമായി വായിക്കുവാൻ | • Pre-test | ജൂൺ | അധ്യാപകർ | PTA. |
| | • ക്ലാസ്സ് ലൈബ്രറി വികസനം. | അധ്യയന വർഷം മുഴുവൻ | CPTA. | CPTA |
| | • മൗന വായന.<br>• അമ്മമാരുടെ വായനാ കുറിപ്പുകൾ CPTA യിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | CPTA | CPTA. |
| | • വായനാ കാർഡുകൾ തയ്യാറാക്കൽ | June - July | അധ്യാപകർ | CPTA. |
| ലേഖനം വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | • ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>• ജൂൺ 5 പരിസ്ഥിതി ദിന പോസ്റ്റർ<br>• ജൂൺ 19 വായനാ ദിനം. വായനാ വാരം. | ജൂൺ<br>ജൂൺ | അധ്യാപകർ | CPTA. |
| അക്ഷരത്തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ | • ആഗസ്റ്റ് 6 ഹിരോഷിമ ദിനം - പോസ്റ്റർ<br>• ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ<br>• ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം.<br>• സെപ്തംബർ 5 അധ്യാപക ദിനം. പഴയകാല അധ്യാപകരുമായി അഭിമുഖം | ആഗസ്റ്റ്.<br>സെപ്തംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ഭാഷാ വ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | • ഒക്ടോബർ 2 ഗാന്ധി ജയന്തി കുറിപ്പ് തയ്യാറാക്കൽ. • ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്. • നവംബർ 1 കേരളപ്പിറവി പ്രസംഗം. • നവംബർ 14 ശിശുദിനം | ഒക്ടോബർ നവംബർ | | |
| സർഗാത്മക ഇടങ്ങൾ. | • കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി CPTA. | അധ്യയന വർഷം മുഴുവൻ | CPTA | ഇല്ല. |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം ക്ലാസ്സ് - 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | * Pre test.<br>* ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ | CPTA. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാ പാറ്റേണുകൾ,<br>നാണയങ്ങൾ<br>കളിനോട്ടുകൾ, പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകർ | CPTA |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ. | ഇല്ല |
| സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | മനക്കണക്കുകൾ<br>മഞ്ചാടി കളികൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട കളികൾ | ഒക്ടോബർ നവംബർ | അധ്യാപകർ | ഇല്ല |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• ICT വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി - മാർച്ച് | അധ്യാപകർ | ഇല്ല. |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ.<br>• മഞ്ചാടി കളി. | ഡിസംബർ - ജനുവരി. | അധ്യാപകർ | ഇല്ല. |

## അക്കാദമിക മാസ്റ്റർ പ്ലാൻ III പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | * സസ്യങ്ങളെ തരം തിരിക്കൽ. <br> * പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ ജൂലൈ. | അധ്യാപകർ <br> അധ്യാപകർ കുട്ടികൾ | ഇല്ല <br> ഇല്ല.. |
| പ്രകൃതി സംരക്ഷണം. | * മണ്ണ്. ജലം. വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ <br> * മഴക്കുഴി നിർമ്മാണം. <br> * വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മസേനക്ക് കൈമാറൽ | ആഗസ്റ്റ്. സെപ്റ്റംബർ | അധ്യാപകർ PTA ഹരിതകർമ്മ സേന. | PTA |
| വ്യക്തി ശുചിത്വം | * കൈ കഴുകൽ - പരിശീലനം <br> * പോസ്റ്റർ നിർമ്മാണം. ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിപ്പിക്കൽ | സെപ്റ്റംബർ ഒക്ടോബർ | J.R.C യൂണിറ്റ് അധ്യാപകർ | PTA |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - IV മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരാൻ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• ആവശ്യമായ പഠനസാമഗ്രി ഒരുക്കൽ (അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ കേട്ടെഴുത്ത്, ചിഹ്നങ്ങൾ ചേർക്കൽ, വാക്കുകൾ കണ്ടെത്തി എഴുതൽ) തുടങ്ങിയ പ്രവർത്തനങ്ങൾ | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീ. SRG |
| വായനാശേഷി വളർത്താൻ | വായിക്കാം വളരാം<br>* ക്ലാസ് വായന - ക്ലാസ് ലൈബ്രറി<br>* പത്രവായന, പുസ്തക പരിചയം.<br>* ആസ്വാദന കുറിപ്പ് | വർഷം മുഴുവൻ | ക്ലാസ് ടീ. SRG |
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുതാം രസിക്കാം<br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ ഉറപ്പിക്കൽ<br>* വർണ്ണന * വിവരണങ്ങൾ കത്ത് / ഡയറി<br>* തനിമയുള്ള വിവരണം * ആസ്വാദനക്കുറിപ്പ് | വർഷം മുഴുവൻ | ക്ലാസ് ടീ. SRG |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | കണ്ടറിയാം കേട്ടറിയാം.<br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ, സംഘടിപ്പിച്ച് പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാഹിത്യകാരന്മാരെ അടുത്തറിയൽ. ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ഓർക്കാം · അറിഞ്ഞിരിക്കാം. സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ. പുസ്തക പരിചയം, ക്വിസ്, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ |
| സർഗോത്സവം · ഭാഷാപഠനത്തിന്റെ ഭാഗമായി കുട്ടികൾ നേടിയ ശേഷികൾ അവതരിപ്പിക്കൽ | • ആഴ്ചയിലൊരിക്കൽ സർഗോത്സവം ക്ലാസ് മുറികളിൽ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ   IV പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| നിരീക്ഷണം<br>അറിവ് നിർമ്മാണം | * ക്വിസ് നടത്തൽ.<br>* പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ. | ആവശ്യാനുസരണം | H.M.<br>CPTA<br>ക്ലാസ് Tr |
| ഭൂപട വായന.<br>സൂചിക പരിചയപ്പെടൽ<br>സൂചികാ നിർമ്മാണം.<br>ഗ്ലോബുകൾ ഉപയോഗിക്കൽ | * ഭൂപട മൊരുക്കാം.<br>കേരളം - ഇന്ത്യ - ഭൂപടവായന. | ആഗസ്റ്റ് - നവംബർ | ക്ലാസ് Tr |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം.<br>(പഠന ഉല്പന്ന പ്രദർശനം) | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ<br>* ശാസ്ത്രോത്സവം. | വർഷത്തിലൊരിക്കൽ | H.M<br>CPTA.<br>SRG. |

## Academic Master Plan Std IV English.

| Aims | Activities | Duration | Charge. |
| --- | --- | --- | --- |
| To Study rhyming words | • Sounds and rhyming words from each unit (sp, cl, bl, sh … etc). | Academic year | class Tr |
| To read and write English | • Picture Description, • Descriptions. • Story writing • Diary • Notice • Letter • Thoughts • Conversation. • Reading Cards • Library Card Reading | Academic year | class Tr. |
| Let's Talk Encourage children to use English in daily conversation | Let's Talk • Use of Short English Sentences. | Academic year | class Tr. |
| | | | |

## Academic Master plan Std III - English

| Aim | Activities | Duration | Charge |
|---|---|---|---|
| To Study Alphabets & Sounds | * Pre - test<br>* Write Simple words<br>* Rhyming words | Academic Year | Teacher |
| To Study write and read Simple words | Reading - Using Sentence / words Cards<br>* writing : Sentence making. Short Description, word web. | Academic Year | Teacher |
| Encourage children to use English in Daily Conversation. | Let's talk<br>* Use of Short English Sentences. | Academic Year | Class Tr. |
| | | | |